(ബി) സമീപനരേഖ തയ്യാറാക്കുന്നതിനുവേണ്ടി വിദഗ്ദ്ധരുടെ സമിതിയെ നിയോഗിക്കാറില്ല. എന്നാൽ സംസ്ഥാനത്തിന്റെ പഞ്ചവത്സര പദ്ധതിരേഖ തയ്യാറാക്കുന്നതിന് മുന്നോടിയായി അതാത് മേഖലകളിൽ സ്റ്റിയറിംഗ് കമ്മിറ്റികളും ടാസ്ക് ഫോഴ്സുകളും രൂപീകരിക്കാറുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

അമ്യൂസ്മെന്റ് പാർക്കുകളുടെ വിനോദ നികുതി കുടിശ്ശിക

*22 [265] *ശ്രീ. സാജു പോൾ:*

,, എ. സി. മൊയ്തീൻ:

,, ടി. പി. രാമകൃഷ്ണൻ:

,, പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അമ്യൂസ്മെന്റ് പാർക്കുകളെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കുകയോ, വിനോദ നികുതിയിൽ ഇളവ് അനുവദിക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെല്ലാം അമ്യൂസ്മെന്റ് പാർക്കുകളാണ് വിനോദ നികുതിയിനത്തിൽ ജനങ്ങളിൽ നിന്നും പിരിച്ചെടുത്ത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാതെ കുടിശ്ശികയാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇപ്രകാരം വിനോദ നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക പഞ്ചായത്തുകൾക്ക് നൽകാത്ത അമ്യൂസ്മെന്റ് പാർക്കുകൾക്കെതിരെ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(ഇ) വീഗാലാന്റ് അമ്യൂസ്മെന്റ് പാർക്ക് 4-4-2000 മുതൽ 30-11-2002 വരെ വിനോദ നികുതി ഇനത്തിൽ നൽകേണ്ട 8,50,20,987 രൂപ 6,98,79,750 രൂപയായി കുറച്ചു കൊടുത്തിട്ടുണ്ടോ;

(എഫ്) 2001-നു ശേഷം ഈ സ്ഥാപനം എത്ര തവണ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്;

(ജി) വീഗാലാന്റ് അമ്യൂസ്മെന്റ് പാർക്ക് വിനോദ നികുതി ഇനത്തിൽ പഞ്ചായത്തിന് നൽകേണ്ട തുക വർഷങ്ങളായി നൽകുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി *(ശ്രീ. കുട്ടി അഹമ്മദ് കുട്ടി)*:

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) 1. കുന്നത്ത്നാട് ഗ്രാമ പഞ്ചായത്തിലെ വീഗാലാന്റ് അമ്യൂസ്മെന്റ് പാർക്ക്

2. ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ സിൽവർസ്റ്റോം പാർക്ക്.

3. പരിയാരം ഗ്രാമ പഞ്ചായത്തിലെ ഡ്രീം വേൾഡ് പാർക്ക്.

4. മലമ്പുഴ ഗ്രാമ പഞ്ചായത്തിലെ മലമ്പുഴ ഫാന്റസി പാർക്ക്.

(ഡി) സുപ്രീം കോടതിയിലും കേരള ഹൈക്കോടതിയിലും, പാലക്കാട് മുൻസിഫ് കോടതിയിലും ഇത് സംബന്ധിച്ച വ്യവഹാരം ഇപ്പോഴും നിലവിലുള്ളതിനാൽ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

(ഇ) ഉണ്ട്. 4-4-2000 മുതൽ 3-11-2002 വരെ 8,50,20,987 രൂപ വിനോദ നികുതി പഞ്ചായത്ത് നിശ്ചയിച്ചിരുന്നത് ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം പ്രവേശന നിരക്കിന്റെ യഥാർത്ഥ നികുതി കണക്കാക്കി 6,98,79,750 രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(എഫ്) പാർക്കുടമകളും പഞ്ചായത്തും തമ്മിൽ വിവിധ കോടതികളിൽ വ്യവഹാരം ഉള്ളതിനാൽ നിരക്ക് വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ അറിയിച്ചിട്ടില്ല. ഇതുമൂലം ടിക്കറ്റ് നിരക്ക് വർദ്ധനവിന്റെ വിശദാംശം ലഭ്യമല്ല.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച നിയമത്തിലെ അവ്യക്തത മൂലം വിനോദ നികുതി നിയമമനുസരിച്ച് നികുതി നൽകുവാൻ ബാദ്ധ്യസ്ഥരല്ല എന്ന് കോടതിയെ സമീപിക്കുകയും പാർക്ക് ഉടമയും ഗ്രാമപഞ്ചായത്തും തമ്മിൽ സുപ്രീം കോടതിയിൽ വ്യവഹാരം നടന്നു വരുന്നതുകൊണ്ട് നികുതി ഈടാക്കാൻ സാധിക്കുന്നില്ല. അമ്യൂസ്മെന്റ് പാർക്കുകളിലെ വിനോദ നികുതി ഈടാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട നിയമങ്ങൾ ഭേദഗതി ചെയ്യാനുള്ള ബിൽ നിയമസഭയുടെ പരിഗണനയിലാണ്.

അലോപ്പതി ആശുപത്രികളിൽ ഹോമിയോ, ആയുർവേദ ചികിത്സകൾ കൂടി ഏർപ്പെടുത്തുന്നതിന് കേന്ദ്ര പദ്ധതി

*23 [266] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതി ആശുപത്രികളിൽ ഹോമിയോ, ആയുർവേദ ചികിത്സകൾ കൂടി ഏർപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള എന്തെങ്കിലും പദ്ധതി ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly